# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.403 08-08-2017 ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

**ശ്രീ. അൻവർ സാദത്ത്** **ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

## കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂലധനചെലവ്

| | | |
|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരിക്കണം എന്നായിരുന്നു ബജറ്റിൽ പ്രതീക്ഷിച്ചിരുന്നത്; | കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 3.83% കൂടുതലായിരിക്കുമെന്നാണ് ഈ സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത്. |
| (ബി) | കഴിഞ്ഞ എഴ് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ എത്ര ശതമാനം തുക മൂലധനച്ചെലവുണ്ടായി എന്നു വിശദമാക്കുമോ? | ഒരു സാമ്പത്തിക വർഷത്തെ മാർച്ച് 31 വരെയുള്ള കണക്കുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം ഏപ്രിൽ മാസത്തിൽ അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ട്. എന്നാൽ ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം 2016-17 സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ തിട്ടപ്പെടുത്തുകയും ധനകാര്യ വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളൂ. കഴിഞ്ഞ 7 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിലെ മൂലധന ചെലവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 2010-11 | 8.67 |
| 2011-12 | 7.57 |
| 2012-13 | 7.77 |
| 2013-14 | 6.48 |
| 2014-15 | 5.54 |
| 2015-16 | 8.62 |
| 2016-17 *(അക്കൗണ്ടന്റ് ജനറലിന്റെ ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം)* | 7.08 |

**സെക്ഷൻ ഓഫീസർ**